www.pscnet.in

# 198/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. കുറിച്യർ കലാപത്തിന്റെ നേതാവ് ആരായിരുന്നു?
   (A) രാമൻ നമ്പി
   (B) പഴശ്ശിരാജ
   (C) പാലിയത്തച്ചൻ
   (D) കുറുമ്പ്രനാട് രാജാവ്

2. "അയിത്തക്കാർ ഇതിനപ്പുറം പ്രവേശിക്കാൻ പാടില്ല". ഒരു സത്യാഗ്രഹവുമായി ബന്ധപ്പെട്ട ബോർഡിലെ വാചകങ്ങളാണ് ഇവ. ഏതാണ് ആ സത്യാഗ്രഹം?
   (A) ഗുരുവായൂർ സത്യാഗ്രഹം
   (B) ശുചീന്ദ്രം സത്യാഗ്രഹം
   (C) വൈക്കം സത്യാഗ്രഹം
   (D) പാലിയം സത്യാഗ്രഹം

3. കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന ആദ്യ സംഘടിത പ്രക്ഷോഭം ഏത്?
   (A) പഴശ്ശി വിപ്ലവം
   (B) ആറ്റിങ്ങൽ കലാപം
   (C) അഞ്ചുതെങ്ങ് കലാപം
   (D) കുണ്ടറ വിളംബരം

4. ഗജേന്ദ്രമോക്ഷം വഞ്ചിപ്പാട്ടിന്റെ കർത്താവ് ആര്?
   (A) കുമാരനാശാൻ
   (B) കുഞ്ചൻ നമ്പ്യാർ
   (C) ശ്രീനാരായണ ഗുരു
   (D) ചെറുശ്ശേരി

5. ചട്ടമ്പിസ്വാമികളുടെ യഥാർത്ഥ പേര് എന്ത്?
   (A) ശിവാനന്ദയോഗി
   (B) ആനന്ദതീർത്ഥൻ
   (C) ശങ്കരൻ
   (D) കുഞ്ഞൻപിള്ള

6. മന്നത്ത് പത്മനാഭൻ സ്ഥാപിച്ച നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യ പേര് എന്തായിരുന്നു?
   (A) നായർ സമുദായ ഭൃത്യജനസംഘം
   (B) നായർ സമുദായ സേവാസമിതി
   (C) നായർ സമുദായ മഹാസഭ
   (D) നായർ സമുദായ സമുദ്ധാരണ സംഘം

7. ഈഴവ, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾക്ക് ന്യായമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് വേണ്ടി നടന്ന സമരം ഇവയിലേതാണ്?
   (A) മാപ്പിള ലഹള
   (B) ഈഴവ മെമ്മോറിയൽ
   (C) നിവർത്തന പ്രക്ഷോഭം
   (D) മലയാളി മെമ്മോറിയൽ



fb.com/pscnet.in

www.pscnet.in

8. മുസ്ലീം സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ 'മുസ്ലീം ഐക്യസംഘം' എന്ന സംഘടന സ്ഥാപിച്ചത് ആര്?

(A) വക്കം മൗലവി
(B) കെ.എം. മൗലവി
(C) മണപ്പാട്ട് കുഞ്ഞു മുഹമ്മദ്
(D) ശൈഖ് ഹംദാനി തങ്ങൾ

9. പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലിയുടെ പഴയ പേര് :

(A) പനച്ചിക്കാട്
(B) സൈരന്ധ്രി വനം
(C) വാഴാനിക്കാട്
(D) ചെന്തുരുണി വനമേഖല

10. ലോകത്തിലെ ഏറ്റവും പ്രായം ചെന്ന തേക്കു പ്ലാന്റേഷൻ ആയ നിലമ്പൂർ ഏത് ജില്ലയിലാണ്?

(A) ഇടുക്കി
(B) വയനാട്
(C) മലപ്പുറം
(D) കണ്ണൂർ

11. ഉണ്ണിയച്ചി ചരിതം, ഉണ്ണിച്ചിരുതേയി ചരിതം, ഉണ്ണിയാടി ചരിതം ഇവ ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

(A) ചമ്പുക്കൾ
(B) സന്ദേശ കാവ്യങ്ങൾ
(C) കഥകളി സാഹിത്യം
(D) തുള്ളൽ സാഹിത്യം

12. 2001-ൽ യുനസ്കോയുടെ അംഗീകാരം നേടിയ കേരളീയ കലാരൂപം ഏത്?

(A) കൃഷ്ണനാട്ടം
(B) കൂടിയാട്ടം
(C) തെയ്യം
(D) പടയണി

13. 'ഭാഷാഷ്ടപദി' എന്ന കൃതിയുടെ കർത്താവ് ആര്?

(A) രാമപുരത്ത് വാര്യർ
(B) പൂന്താനം
(C) മേല്പത്തൂർ നാരായണ ഭട്ടതിരി
(D) കൊട്ടാരക്കര തമ്പുരാൻ

14. നക്ഷത്രബംഗ്ലാവിന്റെ സ്ഥാപകനായ ഭരണാധികാരി ആര്?

(A) മാർത്താണ്ഡവർമ്മ
(B) സ്വാതിതിരുനാൾ
(C) ശ്രീ മൂലം തിരുനാൾ
(D) ശ്രീ ചിത്തിര തിരുനാൾ

15. കൊച്ചി തുറമുഖത്തിന്റെ ഭരണ ചുമതല വഹിക്കുന്നതാര്?

(A) സംസ്ഥാന സർക്കാർ
(B) കേന്ദ്ര സർക്കാർ
(C) തദ്ദേശ സ്വയംഭരണ സ്ഥാപനം
(D) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി



fb.com/pscnet.in

www.pscnet.in

16. കേരളത്തിലെ ആദ്യ "അക്വാട്ടിക് സമുച്ചയം" സ്ഥിതിചെയ്യുന്ന ജില്ല :
    - (A) കൊല്ലം
    - (B) ആലപ്പുഴ
    - (C) തിരുവനന്തപുരം
    - (D) എറണാകുളം

17. ഇന്ത്യൻ ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?
    - (A) മൗലാന അബ്ദുൾ കലാം ആസാദ്
    - (B) ജവഹർലാൽ നെഹ്റു
    - (C) ഡോ. എസ്. രാധാകൃഷ്ണൻ
    - (D) ഡോ. രാജേന്ദ്രപ്രസാദ്

18. തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ കേരളീയൻ ആര്?
    - (A) വേലുത്തമ്പി ദളവ
    - (B) സിസ്റ്റർ അൽഫോൻസ
    - (C) സി.വി. രാമൻപിള്ള
    - (D) ശ്രീനാരായണ ഗുരു

19. "ഓൾ ഇന്ത്യ വാർ മെമ്മോറിയൽ" എന്നറിയപ്പെട്ടിരുന്ന ഇന്ത്യൻ സ്മാരകം ഏത്?
    - (A) ഹവാമഹൽ
    - (B) ചെങ്കോട്ട
    - (C) ജാലിയൻ വാലാ ബാഗ് സ്മാരകം
    - (D) ഇന്ത്യാ ഗേറ്റ്

20. ഇന്ത്യയ്ക്കകത്ത് എത്ര വർഷം സ്ഥിരതാമസമുള്ളയാൾക്കാണ് പൗരത്വത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്?
    - (A) 5 വർഷം
    - (B) 3 വർഷം
    - (C) 8 വർഷം
    - (D) 10 വർഷം

21. മൗലികാവകാശങ്ങളിൽ നിന്ന് സ്വകാര്യസ്വത്തിനുള്ള അവകാശം എടുത്തു മാറ്റിയത് എത്രാമത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്?
    - (A) 11-ാമത്
    - (B) 22-ാമത്
    - (C) 44-ാമത്
    - (D) 6-ാമത്

22. കേരളത്തിൽ സൈനികാവശ്യത്തിന് ഉപയോഗിക്കുന്ന വിമാനത്താവളം ഏത്?
    - (A) നെടുമ്പാശ്ശേരി
    - (B) കോഴിക്കോട്
    - (C) വെല്ലിംഗ്ടൺ
    - (D) തിരുവനന്തപുരം

23. ഇന്ത്യൻ ദേശീയഗീതമായ വന്ദേമാതരം രചിച്ചിരിക്കുന്ന ഭാഷ :
    - (A) കന്നട
    - (B) ഹിന്ദി
    - (C) സംസ്കൃതം
    - (D) മലയാളം

24. കടുവയെ ഇന്ത്യൻ ദേശീയ മൃഗമായി തീരുമാനിക്കുന്നതിന് മുമ്പ് ഇന്ത്യൻ ദേശീയ മൃഗം ഏതായിരുന്നു?
    - (A) സിംഹം
    - (B) സിംഹവാലൻ കുരങ്ങ്
    - (C) പശു
    - (D) പുള്ളിപ്പുലി



fb.com/pscnet.in

25. എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യൻ വനിത ആര്?
   (A) ഡിക്കിഡോൾമ
   (B) വാലന്റീന തെരസ്ക്കോവ
   (C) ബചേന്ദ്രീപാൽ
   (D) സന്തോഷ് യാദവ്

26. ഒറിസ്സയുടെ (ഒഡീഷ്യ) ദുഃഖം എന്നറിയപ്പെടുന്ന നദി ഏത്?
   (A) കോസി
   (B) ബ്രഹ്മപുത്ര
   (C) ഗോദാവരി
   (D) മഹാനദി

27. ഇന്ത്യൻ നിയന്ത്രിത പ്രദേശത്തുള്ള ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത്?
   (A) മൗണ്ട് $K_2$
   (B) മഹേന്ദ്രഗിരി
   (C) കാഞ്ചൻജംഗ
   (D) നംഗപർവ്വതം

28. ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ ജോഗ് വെള്ളച്ചാട്ടം ഏത് നദിയിലാണ്?
   (A) ശരാവതി
   (B) ഗോദാവരി
   (C) ഷിയോനാഥ്
   (D) മഹാനദി

29. കഴ്സൺ പ്രഭു നടപ്പിലാക്കിയ ബംഗാൾ വിഭജനം നിർത്തലാക്കിയ ഭരണാധികാരി ആര്?
   (A) വെല്ലസ്ലി പ്രഭു
   (B) കോൺവാലീസ് പ്രഭു
   (C) ഹാർഡിൻജ് പ്രഭു
   (D) റിപ്പൺ പ്രഭു

30. ബ്രിട്ടീഷ് നിയമ നിർമ്മാണ സഭയിലേക്ക് തെരഞ്ഞെടുത്ത ആദ്യ ഇന്ത്യക്കാരൻ :
   (A) ഗോപാലകൃഷ്ണ ഗോഖലെ
   (B) സരോജിനി നായിഡു
   (C) ബാലഗംഗാധര തിലകൻ
   (D) ദാദാഭായി നവറോജി

31. കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനങ്ങളെ "അവധികാല വിനോദ പരിപാടി" എന്ന് വിശേഷിപ്പിച്ച സ്വാതന്ത്ര്യസമര സേനാനി ആര്?
   (A) ബാലഗംഗാധര തിലകൻ
   (B) ലാലാ ലജ്പത് റായ്
   (C) ബങ്കിം ചന്ദ്ര ചാറ്റർജി
   (D) ഗോഖലെ

32. 2013 ജൂലൈ 15 മുതൽ ടെലിഗ്രാം നിർത്തലാക്കി. ഇത് ആരംഭിച്ച വർഷം എന്ന്?
   (A) 1850
   (B) 1950
   (C) 1960
   (D) 1860

33. കേരളത്തിലെ ആദ്യത്തെ വനിതാ പോസ്റ്റാഫീസ് ആരംഭിച്ചതെവിടെ?
   (A) കൊല്ലം
   (B) ഇടുക്കി
   (C) എറണാകുളം
   (D) തിരുവനന്തപുരം



PSCNET.in

www.pscnet.in

34. 181 എന്ന വനിതാ ഹെൽപ്പ്ലൈൻ നമ്പർ ആദ്യമായി നടപ്പിലാക്കിയ നഗരം :

(A) മുംബൈ (B) ഡൽഹി
(C) ചെന്നൈ (D) ബാംഗ്ലൂർ

35. ശ്രേഷ്ഠഭാഷാ പദവി ലഭിച്ച അഞ്ചാമത്തെ ഭാഷ ഏത്?

(A) സംസ്കൃതം (B) തെലുങ്ക്
(C) മലയാളം (D) തമിഴ്

36. ഇന്ത്യൻ പ്ലാനിംഗ് കമ്മീഷന്റെ അദ്ധ്യക്ഷൻ ആര്?

(A) രാഷ്ട്രപതി (B) ഉപരാഷ്ട്രപതി
(C) അറ്റോർണി ജനറൽ (D) പ്രധാനമന്ത്രി

37. മാതാപിതാക്കളുടെ മരണം കാരണം കുട്ടികളുടെ പഠിപ്പ് മുടങ്ങുന്നത് ഒഴിവാക്കാനുള്ള സാമൂഹ്യസുരക്ഷാ മിഷൻ പദ്ധതി :

(A) സൂര്യകാന്തി (B) സ്നേഹപൂർവ്വം
(C) സരൾമണി (D) നിർഭയ

38. ദേവഭൂമി എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) ഉത്തരാഖണ്ഡ് (B) ജമ്മു-കാശ്മീർ
(C) കേരളം (D) അരുണാചൽ പ്രദേശ്

39. ലോക ദാരിദ്ര്യ ദിനമായി ആചരിക്കുന്നത് എന്ന്?

(A) ജൂൺ 26 (B) ജൂൺ 28
(C) ജൂൺ 20 (D) ജൂൺ 29

40. ISRO യുടെ ആസ്ഥാനമന്ദിരം ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) ബഹിരാകാശ ഭവൻ (B) ശ്രീഹരിക്കോട്ട
(C) അന്തരീക്ഷ് ഭവൻ (D) ഇവയൊന്നുമല്ല

41. ബോധ്ഗയയിലെ മഹാബോധീശ്വര ക്ഷേത്രം പണി കഴിപ്പിച്ച ഭരണാധികാരി ആര്?

(A) കനിഷ്കൻ (B) അശോക ചക്രവർത്തി
(C) ഷാജഹാൻ (D) അക്ബർ

42. ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ച വർഷം :

(A) 1941 (B) 1961
(C) 1949 (D) 1951



fb.com/pscnet.in

www.pscnet.in

43. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണ്ണം ലഭിക്കുന്ന സംസ്ഥാനം :

(A) ബീഹാർ
(B) കർണ്ണാടകം
(C) രാജസ്ഥാൻ
(D) ആസ്സാം

44. ഇന്ത്യൻ മിലിട്ടറി അക്കാദമി സ്ഥിതിചെയ്യുന്ന സ്ഥലം :

(A) ജോധ്പൂർ
(B) കിർക്കി
(C) ആഗ്ര
(D) ഡെറാഡൂൺ

45. ചുവടെ നൽകിയിരിക്കുന്നവയിൽ ഉരുക്കു നിർമ്മാണത്തിൽ പ്രസിദ്ധമായ നഗരം ഏത്?

(A) ഹാൽഡിയ
(B) ദുർഗ്ഗാപ്പൂർ
(C) നെയ്‌വേലി
(D) ഫിറോസാബാദ്

46. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി ഏത്?

(A) സിന്ധു
(B) ബ്രഹ്മപുത്ര
(C) ഹൂഗ്ലി
(D) ഗംഗ

47. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ പിതാവ് :

(A) എ.പി.ജെ. അബ്ദുൾ കലാം
(B) ഡോ. വിക്രം സാരാഭായി
(C) സതീഷ് ധവാൻ
(D) ഡോ. ഒ. മാധവൻ നായർ

48. അന്താരാഷ്ട്ര ക്രിക്കറ്റിൽ 100 സെഞ്ച്വറി തികച്ച ക്രിക്കറ്റ് താരം ആര്?

(A) സച്ചിൻ ടെണ്ടുൽക്കർ
(B) സുനിൽ ഗവാസ്ക്കർ
(C) കപിൽദേവ്
(D) സൗരവ് ഗാംഗുലി

49. ചുവടെ നൽകിയിരിക്കുന്നവയിൽ ആനകൾക്ക് പ്രസിദ്ധമായ സ്ഥലം ഏത്?

(A) ഗിർവനം
(B) ഘാന
(C) പലമാവ്
(D) പെരിയാർ

50. "യു ആർ യുണിക്" എന്ന പുസ്തകം രചിച്ചത് ആര്?

(A) അമിത് ഗോയൽ
(B) പ്രദീപ് ഠാക്കൂർ
(C) ഡോ. എ.പി.ജെ. അബ്ദുൾ കലാം
(D) അനുമിതാ ദാസ് ഗുപ്ത

51. ഏറ്റവും കൂടുതൽ കാലം ഇന്ത്യൻ പ്രതിരോധ വകുപ്പ് മന്ത്രിയായിരുന്ന മലയാളി ആര്?

(A) വയലാർ രവി
(B) എ.കെ. ആന്റണി
(C) കെ. കരുണാകരൻ
(D) ഒ. രാജഗോപാൽ



fb.com/pscnet.in

52. കേരളത്തിൽ "ചന്ദനക്കാടിന്റെ നാട്" എന്നറിയപ്പെടുന്ന സ്ഥലം :

(A) മൂന്നാർ (B) അമരാവതി

(C) നിലമ്പൂർ (D) മറയൂർ

53. കേരളത്തിലെ ഏറ്റവും വലിയ നിയമസഭാ മണ്ഡലം ഏത്?

(A) ഉടുമ്പൻ ചോല (B) ദേവികുളം

(C) പാല (D) ചാലക്കുടി

54. കുഞ്ചൻ നമ്പ്യാർ ജനിച്ച കിള്ളിക്കുറിശ്ശിമംഗലം ഏത് ജില്ലയിലാണ്?

(A) മലപ്പുറം (B) പാലക്കാട്

(C) തൃശ്ശൂർ (D) കോഴിക്കോട്

55. ഇന്ത്യൻ ദേശീയപതാകയുടെ ശില്പി :

(A) പിംഗാളി വെങ്കയ്യ (B) ബങ്കിം ചന്ദ്ര ചാറ്റർജി

(C) രവീന്ദ്രനാഥ ടാഗോർ (D) ജവഹർലാൽ നെഹ്റു

56. ഇന്ത്യൻ റെയിൽവേ ദേശസാൽക്കരിക്കപ്പെട്ട വർഷം :

(A) 1853 (B) 1856

(C) 1851 (D) 1951

57. ഇന്ത്യയിലെ ആദ്യത്തെ ദിനപത്രം ഏത്?

(A) രാജ്യസമാചാർ (B) ദി ടൈംസ് ഓഫ് ഇന്ത്യ

(C) ബംഗാൾ ഗസറ്റ് (D) ദൈനിക് ഭാസ്ക്കർ

58. കേരളത്തിലെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതി തുടങ്ങിയ ജില്ല :

(A) പാലക്കാട് (B) തിരുവനന്തപുരം

(C) കൊല്ലം (D) പത്തനംതിട്ട

59. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഭാരം കുറഞ്ഞ പൈലറ്റില്ലാത്ത വിമാനം :

(A) ആകാശ് (B) രുദ്ര

(C) അഗ്നി (D) ലക്ഷ്യ - 1

60. പ്രണബ് മുഖർജി ഇന്ത്യയുടെ എത്രാമത് രാഷ്ട്രപതിയാണ്?

(A) 11-ാമത് (B) 12-ാമത്

(C) 10-ാമത് (D) 13-ാമത്



fb.com/pscnet.in

PSCNET.in

www.pscnet.in

61. പിരിയോഡിക് ടേബിളിൽ 101-ാമത്തെ മൂലകത്തിന്റെ പേര് എന്താണ്?
(A) മെൻഡലേവിയം
(B) ക്യൂറിയം
(C) കാലിഫോർണിയം
(D) ടൈറ്റാനിയം

62. യഥാർത്ഥ പ്രതിബിംബം രൂപീകരിക്കുന്ന ദർപ്പണം ഏതാണ്?
(A) കോൺവെക്സ് ദർപ്പണം
(B) ആറന്മുള കണ്ണാടി
(C) സമതല ദർപ്പണം
(D) കോൺകേവ് ദർപ്പണം

63. ധവളപ്രകാശം ഘടക വർണ്ണങ്ങളായി വേർതിരിയുന്ന പ്രതിഭാസം ഏതാണ്?
(A) വിസരണം
(B) പ്രകീർണ്ണനം
(C) പ്രതിഫലനം
(D) അനുരണനം

64. ഏറ്റവും ചെറിയ ആറ്റമുള്ള മൂലകം ഏതാണ്?
(A) ഓക്സിജൻ
(B) ഹീലിയം
(C) ഹൈഡ്രജൻ
(D) നൈട്രജൻ

65. ശുദ്ധജലത്തിന്റെ pH മൂല്യം എത്രയാണ്?
(A) 7
(B) 14
(C) 5
(D) 2

66. മൈക്രോഫോണിലെ ഊർജ്ജമാറ്റം എന്താണ്?
(A) വൈദ്യുതോർജ്ജം-ശബ്ദോർജ്ജം
(B) വൈദ്യുതോർജ്ജം-രാസോർജ്ജം
(C) വൈദ്യുതോർജ്ജം-യാന്ത്രികോർജ്ജം
(D) ശബ്ദോർജ്ജം-വൈദ്യുതോർജ്ജം

67. പ്രവൃത്തിയുടെ യൂണിറ്റ് എന്താണ്?
(A) ന്യൂട്ടൻ
(B) ജൂൾ
(C) ആമ്പിയർ
(D) വാട്ട്

68. സൂര്യനോട് ഏറ്റവും അടുത്ത ഗ്രഹം ഏതാണ്?
(A) ഭൂമി
(B) ബുധൻ
(C) ശുക്രൻ
(D) വ്യാഴം

69. വായുവിൽ ശബ്ദത്തിന്റെ വേഗത എത്ര?
(A) 3.4 M/S
(B) 340 M/S
(C) 3400 M/S
(D) $3 \times 10^8$ M/S

70. ബോക്സൈറ്റ് ഏത് ലോഹത്തിന്റെ അയിര് ആണ്?
(A) ചെമ്പ്
(B) ഇരുമ്പ്
(C) ലെഡ്
(D) അലുമിനിയം



PSCNET.in

fb.com/pscnet.in

www.pscnet.in

71. കണ്ണുകളുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ ജീവകം :

(A) ജീവകം A (B) ജീവകം B
(C) ജീവകം C (D) ജീവകം D

72. മനുഷ്യ ഹൃദയത്തിന് എത്ര അറകളുണ്ട്?

(A) 2 (B) 3
(C) 4 (D) 5

73. ക്ഷയരോഗത്തിന് കാരണമായ രോഗകാരി :

(A) വൈറസ് (B) ബാക്ടീരിയ
(C) പ്രോട്ടോസോവ (D) ഫംഗസ്

74. ജ്ഞാനേന്ദ്രിയങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) കണ്ണ് (B) ചെവി
(C) നാക്ക് (D) പല്ല്

75. ഇത് കറുത്ത പൊന്ന് എന്ന പേരിലറിയപ്പെടുന്നു :

(A) ഏലം (B) എള്ള്
(C) കുരുമുളക് (D) ഗ്രാമ്പു

76. കേരളം എന്ന പേര് ഏത് കാർഷിക വിളയുമായി ബന്ധപ്പെട്ടതാണ്?

(A) നെല്ല് (B) കവുങ്ങ്
(C) വാഴ (D) തെങ്ങ്

77. സസ്യങ്ങൾ പ്രകാശസംശ്ലേഷണ സമയത്ത് പുറത്ത് വിടുന്ന വാതകം :

(A) നൈട്രജൻ (B) ഓക്സിജൻ
(C) ഹൈഡ്രജൻ (D) കാർബൺ ഡൈ ഓക്സൈഡ്

78. നട്ടെല്ലില്ലാത്ത ഒരു ജീവിയാണ് :

(A) വണ്ട് (B) ഓന്ത്
(C) അണ്ണാൻ (D) മയിൽ

79. O.R.S. ലായനി ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) അണുനാശിനി (B) ഔഷധം
(C) ജൈവവളം (D) കീടനാശിനി

80. കണ്ണാറ കാർഷിക ഗവേഷണ കേന്ദ്രം ഏത് വിളയുമായി ബന്ധപ്പെട്ടതാണ്?

(A) റബ്ബർ (B) മരച്ചീനി
(C) നെല്ല് (D) വാഴ



fb.com/pscnet.in

www.pscnet.in

81. $10+20\times 2-5$ എത്ര?

(A) 55
(B) –90
(C) 45
(D) 90

82. ഏറ്റവും വലുതേത്?

$\frac{5}{7}, \frac{4}{5}, \frac{2}{3}, \frac{1}{2}$

(A) $\frac{5}{7}$
(B) $\frac{4}{5}$
(C) $\frac{2}{3}$
(D) $\frac{1}{2}$

83. $524.6-202.9+1.25-182.45$ കാണുക :

(A) 200.50
(B) 140.50
(C) 322.95
(D) 145.00

84. $50\frac{3}{4}-20\frac{1}{2}+10\frac{1}{4}+\frac{3}{2}$ എത്ര?

(A) $40\frac{1}{2}$
(B) $42\frac{1}{4}$
(C) $40\frac{3}{4}$
(D) 42

85. $\sqrt{15^2-12^2}$ എത്ര?

(A) 9
(B) 81
(C) 27
(D) 17

86. ഒരു ഹോസ്റ്റലിൽ ആകെ 650 പേരുണ്ട്. ഓരോ 25 കുട്ടികൾക്കും 1 വാർഡൻ വീതം ഉണ്ട്. എങ്കിൽ ആ ഹോസ്റ്റലിൽ എത്ര വാർഡന്മാരുണ്ട്?

(A) 26
(B) 30
(C) 24
(D) 25



PSCNET.in

fb.com/pscnet.in

www.pscnet.in

87. $12\frac{1}{2}\%$ സാധാരണ പലിശ കിട്ടുന്ന ബാങ്കിൽ ഒരു തുക നിക്ഷേപിച്ചാൽ അത് ഇരട്ടിയാകാൻ എത്ര വർഷം വേണം?

(A) 5 (B) 8

(C) 6 (D) 4

88. വിജി തയ്യൽ ജോലി ചെയ്യുമ്പോൾ ഓരോ മണിക്കൂർ കഴിഞ്ഞ് 15 മിനിറ്റ് വിശ്രമിക്കും. എങ്കിൽ 5 മണിക്കൂർ സമയത്തിൽ എത്ര സമയം ജോലി ചെയ്യും?

(A) 3 മണിക്കൂർ (B) 3 മണിക്കൂർ 45 മിനിറ്റ്

(C) 4 മണിക്കൂർ (D) 4 മണിക്കൂർ 15 മിനിറ്റ്

89. 100 വരെയുള്ള എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര?

(A) 50 (B) 51.5

(C) 51 (D) 50.5

90. 10 പേന വിൽക്കുമ്പോൾ 2 പേനയുടെ വില ലാഭമായി കിട്ടുന്നു എങ്കിൽ ലാഭശതമാനം എത്ര?

(A) 20% (B) 25%

(C) 24% (D) $16\frac{2}{3}\%$

91. ഗണിതവാചകത്തിൽ സംഖ്യകൾ തന്നിരിക്കുന്നു. ഉചിതമായ ചിഹ്നം കണ്ടെത്തുക :

9 ... 8 ... 4 = 68

(A) ×, ÷ (B) +, ×

(C) ×, − (D) −, ×

92. 13, 35, 57, 79, അടുത്തതേത്?

(A) 101 (B) 99

(C) 91 (D) 112

93. ഭരതനാട്യം : തമിഴ്നാട് : : ———— : കേരളം.

(A) കഥകളി (B) കേരളനടനം

(C) മോഹിനിയാട്ടം (D) കുച്ചിപ്പുടി



PSCNET.in

fb.com/pscnet.in

www.pscnet.in

94. കൂട്ടത്തിൽപ്പെടാത്തതേത്?

AA, BC, CI, DM

(A) AA | (B) BC
(C) CI | (D) DM

95. 20 പേരുള്ള ഒരു വരിയിൽ അപ്പു മുന്നിൽ നിന്ന് എട്ടാമതാണ്. പിന്നിൽ നിന്ന് അപ്പുവിന്റെ സ്ഥാനം എത്ര?

(A) 13 | (B) 12
(C) 8 | (D) 10

96. $A=1,\ B=3,\ C=5,\ D=7,$ ..... എന്നിങ്ങനെ ആയാൽ 17 27 7 17 1 സൂചിപ്പിക്കുന്നതെന്ത്?

(A) INDAI | (B) INDIA
(C) INADI | (D) IMDAI

97. അച്ചുവിന് 15 വയസ്സും അമ്മുവിന് 6 വയസ്സും ഉണ്ട്. എത്ര വർഷങ്ങൾ കഴിഞ്ഞാൽ ഇവരുടെ വയസ്സുകളുടെ തുക 35 ആകും?

(A) 7 | (B) 5
(C) 9 | (D) 8

98. സാന്ദ്ര കിഴക്കോട്ട് 2 km നടന്ന് വലത്തോട്ട് തിരിഞ്ഞ് 2 km നടന്ന് ഇടത്തോട്ട് തിരിഞ്ഞ് 1 km നടന്ന് വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 6 km സഞ്ചരിച്ചാൽ യാത്ര തുടങ്ങിയ സ്ഥലത്തുനിന്ന് എത്ര ദൂരത്തിലാണിപ്പോൾ?

(A) 11 km | (B) 5 km
(C) 9 km | (D) 7 km

99. വിട്ടുപോയ ഭാഗത്ത് വരുന്ന സംഖ്യ ഏത്?

3, 6, 11, 18, —, 38, 51

(A) 25 | (B) 28
(C) 27 | (D) 32

100. അഞ്ചുപേർ നടക്കുകയാണ്. അതിൽ ആരതിയ്ക്കു മുന്നിലായി ദിപയും, ബീനയ്ക്ക് പിന്നിലായി ജ്യോതിയും, ആരതിയ്ക്കും ബീനയ്ക്കും നടുവിലായി സീനയും നടക്കുന്നു. എങ്കിൽ ഏറ്റവും മദ്ധ്യത്തിലായി നടക്കുന്നതാര്?

(A) ആരതി | (B) ബീന
(C) ജ്യോതി | (D) സീന



fb.com/pscnet.in